# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1565

16.03.2015 - ൽ
മറുപടിക്ക്

## നീരയുടെ വിപണി വിപുലനം

ചോദ്യം
ശ്രീ.കെ.എൻ.എ.ഖാദർ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് നീരയുടെ വിപണി വിപുലമാക്കുന്നതിന് സർക്കാർ എന്തെ കിലും പ്രത്യേക പദ്ധതി ആവിഷ്കരിക്ക നാണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) നാളികേര വികസന കോർപ്പറേഷൻ തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീൻ മുഖേനയും നാളികേര വികസന കോർപ്പറേഷന്റെ ഏലത്തൂർ, എറണാകുളം ജില്ലയിലെ വൈറ്റില എന്നിവിടങ്ങളിലെ വിൽപന കേന്ദ്രങ്ങൾ മുഖേനയും നീര വിപണനം നടത്തുന്നുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീര വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. നീരയുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി നാളികേര വികസന കോർപ്പറേഷന് 90 ലക്ഷം രൂപ നൽകികഴിഞ്ഞു. |
| ബി) സംസ്ഥാനത്തെ സർക്കാർ ഓഫീസു കളിൽ നീര വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയി ലുണ്ടോ; എങ്കിൽ ഇതിന് ഉടൻ നടപടി സ്വീകരിക്കുമോ; | ബി) നീര വിപണനത്തിന്റെ പ്രാരംഭ ഘട്ടമായി തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ ഒരു വെൻഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീര വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു |
| സി) കേരകർഷകരിൽ നിന്നും നീരയുടെ സംഭരണത്തിന് സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ? | സി) സംസ്ഥാനത്ത് നീരയുടെ വിപണനം നടത്തുന്നതിന് നാളികേര വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി അനുവദിച്ച 180 ലക്ഷം രൂപയിൽ നാളികേര വികസന കോർപ്പറേഷന് 90 ലക്ഷം രൂപ നൽകികഴിഞ്ഞു. നാളികേര വികസന കോർപ്പറേഷന് കീഴിൽ തിരഞ്ഞെടുത്ത പഞ്ചായത്തുകളിലെ നീര ഉത്പാദക സൊസൈറ്റികൾ കർഷകരിൽ നിന്ന് ശേഖരിക്കുന്ന നീര സംസ്കരിച്ച് വിപണിയിലെത്തിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നാളികേര വികസന കോർപ്പറേഷന്റെ അധീനതയിൽ ഏലത്തൂരിലും, കണ്ണൂരിലെ ആറളം ഫാമിലും നീര പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |

Sreejma
സെക്ഷൻ ഓഫീസർ